## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1280 — 20.03.2012-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പട്ടികയിൽ നിന്ന് ഒഴിവാക്കൽ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ജാതി വിഭാഗത്തെ പ്രസ്തുത പട്ടികജാതി വിഭാഗത്തിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് വ്യക്തികളോ സംഘടനകളോ ഏതെങ്കിലും കോടതികളിൽ കേസ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ ജാതിയിൽപ്പെട്ട വരെയാണ് ഒഴിവാക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര വർഷമായി പട്ടികജാതി വിഭാഗത്തിന്റെ ആനുകൂല്യം ലഭിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) കേന്ദ്ര സർക്കാർ 1965-ൽ നിയോഗിച്ച ലോക്കൂർ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഈ സംസ്ഥാനത്തെ ഇപ്പോൾ നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട 'പുലയവേട്ടുവൻ' സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ ഉൾപ്പെട്ട ലോക്കൂർ കമ്മിറ്റി റിപ്പോർട്ട് നടപ്പിൽവരുത്തണമെന്നാവശ്യപ്പെട്ട് Dr.O.P.ശുക്ല എന്ന വ്യക്തി ബഹു:സുപ്രീം കോടതി മുമ്പാകെ റിട്ട് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിട്ട് അപ്പീലിൽ കമ്മിറ്റിയുടെ മുമ്പാകെ നിർദ്ദേശരൂപത്തിൽ സമർപ്പിക്കപ്പെട്ടതും കമ്മിറ്റി പ്രത്യേകമായി ഒഴിവാക്കണമെന്ന് ശുപാർശ നൽകാത്തതുമായ വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ, വേലാൻ സമുദായങ്ങളുടേയും പേരുകൾ പ്രതിപാദിക്കുന്നുണ്ട്. 1956-ൽ മുൻ മലബാർ മേഖലയിൽ (കാസർഗോഡ് താലൂക്ക് ഒഴികെ) പട്ടികജാതി വിഭാഗമായി ട 'പുലയവേട്ടുവൻ' സമുദായം അവരോധിക്കപ്പെട്ടു. 1976-ൽ സംസ്ഥാന മൊട്ടുക്കും തുടർന്ന് 2002 മുതൽ മുൻ കൊച്ചി സംസ്ഥാനത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മാത്രമായും പട്ടികജാതി പദവിയിൽ തുടരുന്നു. 1950-ലേയും, 1956-ലേയും പ്രസിഡൻഷ്യൽ ഉത്തരവുകളിൽ വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ, വേലാൻ വിഭാഗങ്ങൾ മലബാർ |

| | | | |
|---|---|---|---|
| | | | മേഖല ഒഴിച്ചുള്ള പ്രദേശങ്ങളിൽ പട്ടികജാതി പദവി അനുഭവിച്ചിരുന്നു. 1976 മുതൽ നിലവിൽ കേരള സംസ്ഥാനം മുഴുവനായും ടി വിഭാഗങ്ങൾ പട്ടികജാതി പദവി അനുഭവിച്ചു വരുന്നു. |
| (സി) | നിലവിലുള്ള പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ആരെയും ഒഴിവാക്കുവാൻ പാടില്ലായെന്ന നയം സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ദശാബ്ദങ്ങളായി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന ആൾക്കാരെ ആരെയും ഒഴിവാക്കാതിരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ? | (സി) | ഇല്ല; നിലവിലുള്ള ലിസ്റ്റിൽ ജാതികളെ ഉൾപ്പെടുത്തണമെന്നും ഒഴിവാക്കണമെന്നുമുള്ള ആവശ്യങ്ങളും, പരാതികളും ലഭിക്കുമ്പോൾ അവയെക്കുറിച്ച് കിർത്താഡ്സ് മുഖേന ആധികാരികമായ പഠനം നടത്തി ലഭിക്കുന്ന റിപ്പോർട്ട് സംസ്ഥാന മന്ത്രിസഭ പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന നടപടിക്രമമാണ് ഇക്കാര്യത്തിൽ പിൻതുടർന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ